## പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1960 15.07.2016-ൽ മറുപടിക്ക്**

**പൊതു ടാപ്പുകളിൽ കൂടി കുടിവെള്ളം ലഭിക്കുന്നതിന് നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അനിൽ അക്കര<br>,, തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, വി.റ്റി.ബൽറാം<br>,, ഹൈബി ഈഡൻ : | മാത്യു.ടി.തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ | സംസ്ഥാനത്ത് പൊതു ടാപ്പുകളിൽ കൂടി കുടിവെള്ളം ലഭ്യമാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് നടപ്പാക്കിയതെന്ന് വിശദമാക്കുമോ; | എ | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിർദ്ദേശം ലഭിച്ചാൽ അവ പരിശോധിച്ച് സാധ്യമായ സ്ഥലങ്ങളിൽ പൊതു ടാപ്പുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| ബി | ഇതുവഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിച്ചിരുന്നത്; വിശദമാക്കാമോ; | ബി | സമൂഹത്തിലെ ഗാർഹിക കണക്ഷൻ എടുക്കാൻ സാധിക്കാത്തവരുൾപ്പെടെ എല്ലാ വിഭാഗം ജനങ്ങൾക്കും സുരക്ഷിതമായ കുടിവെള്ളം ലഭ്യമാക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യം. |
| സി | പദ്ധതി നിർവ്വഹണത്തിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത്; വിശദീകരിക്കുമോ? | സി | കുടിവെള്ള ലഭ്യത കുറഞ്ഞ പ്രദേശങ്ങൾക്ക് മുൻഗണന നൽകിയും ഓരോ പ്രദേശത്തേയും ജനസംഖ്യയും ഭാവിയിലെ ആവശ്യങ്ങളും പരിഗണിച്ചുമാണ് പദ്ധതി രൂപകൽപ്പന ചെയ്യുന്നത്. ടി പദ്ധതികളിൽ പൊതുടാപ്പുകളുൾപ്പെടെയുള്ളവ സ്ഥാപിക്കുന്നതിനുള്ള സൗകര്യവും ഉറപ്പാക്കുന്നുണ്ട്. ഇപ്രകാരം പദ്ധതി രൂപീകരണം നടത്തി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ അംഗീകാരം ലഭിച്ചതിനു ശേഷമാണ് നിർവ്വഹണം നടത്തുന്നത്. കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് പുറമെ നബാർഡ്/ജൈക്ക മുതലായ ഏജൻസികളിൽ നിന്നുമുള്ള വായ്പ |

പദ്ധതികളുപയോഗിച്ചും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ഉപയോഗിച്ചും പദ്ധതി നിർവ്വഹണം നടത്താറുണ്ട്. ഇതു കൂടാതെ ന്യൂനപക്ഷ ക്ഷേമ വകുപ്പ്, തീരദേശ വികസന കോർപ്പറേഷൻ, പട്ടികജാതി പട്ടിക വർഗ്ഗ വകുപ്പ് മുതലായ വകുപ്പുകളിൽ നിന്നുമുള്ള ഫണ്ട് പദ്ധതി നിർവ്വഹണത്തിനായി വിനിയോഗിക്കുന്നുണ്ട്. ടി പദ്ധതികളുടെ പുരോഗതി വിവിധ തലങ്ങളിൽ വിലയിരുത്തി യഥാസമയം ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. പദ്ധതി നിർവ്വഹണത്തിനാവശ്യമായ സ്ഥലമുൾപ്പെടെയുള്ളവ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായും ബന്ധപ്പെട്ട മറ്റു വകുപ്പുകളുമായി ചേർന്ന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് ജനപ്രതിനിധികളുടെ അവലോകന യോഗങ്ങളും നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ